	പദ്ധതി		നിക്ഷേപം	
1.	വല്ലാർപാടം ഇന്റർനാഷണൽ കണ്ടെയ്നർ ട്രാൻസ്ഷിപ്മെന്റ് ടെർമിനൽ	—	2118	കോടി
2.	കായംകുളം എൻ.ടി.പി.സി. താപനിലയം വികസനം	—	6600	,,
3.	എൽ.എൻ.ജി.റിഗ്യാസിഫിക്കേഷൻ പ്ലാന്റ്	—	2300	,,
4.	പെട്രോകെമിക്കൽ വാതക പ്ലാന്റ് സമുച്ചയം	—	7000	,,
5.	ഇന്റർനാഷണൽ ബങ്കറിംഗ് ടെർമിനൽ	—	195	,,
6.	ഇന്റർനാഷണൽ ഷിപ്പ് റിപ്പയർ കോപ്ലക്സ്	—	315	
7.	കൊച്ചി റിഫൈനറിയുടെ സിംഗിൾ ബോയ്മൂറിംഗ്	—	720	,,
8.	ഇന്റർ നാഷണൽ ക്രൂയിസ് ടെർമിനൽ	—	55	,,
9.	പ്രത്യേക സാമ്പത്തിക മേഖല	—	1510	,,

കിൻഫ്രയുടെ ആഭിമുഖ്യത്തിലുള്ള പാർക്കുകളിൽ വ്യവസായ യൂണിറ്റുകൾ ആരംഭിക്കുവാൻ ധാരാളം നിക്ഷേപകരെ ആകർഷിക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

ഇതുകൂടാതെ ബയോടെക്നോളജി വ്യവസായ രംഗത്ത് വ്യവസായം തുടങ്ങുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ സംസ്ഥാനത്ത് ലഭ്യമാക്കുന്ന കാര്യവും വ്യവസായ നയത്തിൽ പ്രഖ്യാപിച്ചിരുന്നു. കൊച്ചിയിൽ കളമശ്ശേരിയിൽ ഒരു ബയോടെക്നോളജി പാർക്കും അതിനുള്ളിൽ ഒരു ഇൻക്യുബേഷൻ സെന്ററും, സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു.

ഇതിനു പുറമെ, തിരുവനന്തപുരം, കൊച്ചി, പാലക്കാട്, കോഴിക്കോട് എന്നീ സ്ഥലങ്ങളിൽ വ്യവസായ വികസന മേഖലകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

വ്യവസായ വകുപ്പിന്റെ ആഭിമുഖ്യത്തിൽ

(1) പ്രൊഫിഷ്യൻസി ഇന്റർഫേസ് സെല്ലിന്റെ ഭാഗമായി ലൈറ്റ് എഞ്ചിനീയറിംഗ്, ഫുഡ് പ്രൊസസിംഗ്, ഇലക്ട്രോണിക്സ്, പ്ലാസ്റ്റിക്സ് ആന്റ് റബ്ബർ പ്രൊഡക്ട്സ്, ആയുർവേദ ആന്റ് ഹെർബൽ, കെമിക്കൽ/സെറാമിക്സ് മേഖലകളിൽ തിരഞ്ഞെടുക്കപ്പെട്ട ഉദ്യോഗസ്ഥന്മാർക്ക് പരിശീലനം നൽകുന്ന സെല്ലുകൾ വ്യവസായ വാണിജ്യ വകുപ്പിൽ പ്രവർത്തിച്ചുവരുന്നു. കൂടുതൽ പ്രൊജക്ട് പ്രൊഫൈൽസ് ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ ലഭ്യമാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(2) ക്ലസ്റ്റർ വികസനത്തിന്റെ ഭാഗമായി ഏകദേശം 15 ക്ലസ്റ്ററുകൾ കണ്ടുപിടിച്ചു കഴിഞ്ഞു. ചങ്ങനാശ്ശേരിയിലെ റബ്ബർ ക്ലസ്റ്റർ, പെരുമ്പാവൂരിലെ പ്ലൈവുഡ് ക്ലസ്റ്റർ, ആലപ്പുഴയിലെ കയർ ക്ലസ്റ്റർ, കാലടിയിലെ റൈസ്മിൽ കൺസോർഷ്യം എന്നിവ നല്ല രീതിയിൽ പ്രവർത്തനം തുടങ്ങിക്കഴിഞ്ഞു.

(3) അരൂരിലെ കെൽട്രോണിന്റെ കീഴിൽ ടൂൾറും സജ്ജമായിട്ടുണ്ട്.

(4) അടിസ്ഥാന സൗകര്യ വികസന പദ്ധതിയുടെ ഭാഗമായി സ്വകാര്യ പങ്കാളിത്തത്തോടെ ചങ്ങനാശ്ശേരിയിലും മടപ്പള്ളിയിലും സ്വകാര്യ വ്യവസായ പാർക്കുകൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്.

(5) ഡോക്യുമെന്റേഷൻ സെന്ററിനെ ഒരു വിപുലീകരിക്കപ്പെട്ട നോളജ് ബാങ്കായി ഉയർത്താനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(6) നെറ്റ് വർക്കിംഗിലൂടെ വ്യവസായ സംബന്ധമായ വിവരങ്ങൾ ലഭ്യമാക്കുന്നതിന്റെ ഭാഗമായി റിസോർസ് ലൊക്കേറ്റർ ആരംഭിച്ചു. ഇത് വ്യവസായ വകുപ്പിന്റെ ഔദ്യോഗിക വെബ് സൈറ്റിൽ ലഭ്യമാണ്.

(7) എന്റർപ്രീണർഷിപ്പ് ഡവലപ്മെന്റ് ക്ലബ്ബുകൾ 169-ഓളം കോളേജുകളിൽ ആരംഭിച്ചു.

(8) വ്യവസായവകുപ്പിൽ മാർജിൻ മണി ലോൺ പദ്ധതിയുടെ ഭാഗമായി 'ഒറ്റത്തവണ തീർപ്പാക്കൽ' പദ്ധതി നടപ്പിലാക്കി.

(9) എല്ലാ ജില്ലാ വ്യവസായ കേന്ദ്രങ്ങളിലും സിക്ക് യൂണിറ്റ് സെല്ലുകൾ സ്ഥാപിച്ചു.

(10) രോഗാതുര വ്യവസായങ്ങൾ പുനരുദ്ധരിക്കുന്നതിന്റെ ഭാഗമായി വിപുലമായ ഒരു പദ്ധതി സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

(11) സംസ്ഥാന ബാംബു മിഷനുവേണ്ടി 26.30 ലക്ഷം രൂപ ചെലവാക്കിക്കഴിഞ്ഞു.

വ്യവസായ സ്ഥാപനങ്ങൾ പരിസ്ഥിതി സംബന്ധമായ നിബന്ധനകൾ പാലിക്കാൻ നടപടി

2 [2039] ശ്രീ. കെ. മോഹൻകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ പ്രവർത്തിച്ചുവരുന്ന വൻകിട വ്യവസായ സ്ഥാപനങ്ങൾ പരിസ്ഥിതി സംബന്ധമായ നിബന്ധനകൾ പാലിച്ചിരിക്കണമെന്ന നിയമം നടപ്പിലാക്കിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്നുമുതൽ ഈ നിയമം പ്രാബല്യത്തിൽ വന്നു എന്നറിയിക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) പ്രസ്തുത നിയമത്തിൽ ഏതെല്ലാം സ്ഥാപനങ്ങളെ ഒഴിവാക്കിയിട്ടുണ്ടെന്ന് വിശദമാക്കാമോ ;

(ഡി) നിയമം പ്രാബല്യത്തിൽ വരുന്നതിനു മുമ്പ് ആരംഭിച്ചു കഴിഞ്ഞ വ്യവസായ ശാലകളിൽക്കൂടി പാരിസ്ഥിതിക നിയന്ത്രണങ്ങൾ ഏർപ്പെടുത്താൻ ഗവൺമെന്റ് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ;

(ഇ) കേരളത്തിലെ വൻകിട വ്യവസായ സ്ഥാപനങ്ങളിൽ പരിസ്ഥിതി മലിനീകരണം ഒഴിവാക്കുന്നതിനായി എന്തെല്ലാം കരുതൽ നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് അറിയിക്കാമോ ;

(എഫ്) ഇക്കഴിഞ്ഞ മൂന്ന് വർഷങ്ങൾക്കിടയിൽ പരിസ്ഥിതി മലിനീകരണം നിയന്ത്രിക്കുന്നതിൽ ഗവൺമെന്റ് എന്തൊക്കെ നടപടികൾ കൈക്കൊണ്ടു എന്നറിയിക്കാമോ ;

(ജി) വ്യവസായ സ്ഥാപനങ്ങൾ പുറന്തള്ളുന്ന രാസ പദാർത്ഥങ്ങളും മലിന ജലവുംമൂലം നദികളിലുണ്ടാകുന്ന ആരോഗ്യ പാരിസ്ഥിതിക പ്രശ്നങ്ങൾ പരിഹാരമില്ലാതെ തുടരുന്നത് ഗവൺമെന്റിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ടോ ;

(എച്ച്) എങ്കിൽ ഇക്കാര്യത്തിൽ ഉചിതമായ മേൽ നടപടികൾ സ്വീകരിക്കേണ്ട വകുപ്പുകൾ നിയമ നടപടികൾ സ്വീകരിക്കാൻ വേണ്ട നിർദ്ദേശം നൽകാമോ ;

(ഐ) വൻ വ്യവസായങ്ങൾ സൃഷ്ടിക്കുന്ന ആരോഗ്യ പ്രശ്നങ്ങൾ പരിഹരിക്കാൻ ആവശ്യമായ സാമ്പത്തിക വിഹിതം അവരിൽ നിന്നുതന്നെ ഈടാക്കാൻ നടപടികൾ കൈക്കൊള്ളാമോ ?

ഉത്തരം

(എ) നടപ്പിലാക്കിയിട്ടുണ്ട്.

(ബി) 1974 സെപ്തംബർ മുതൽ ജല മലിനീകരണ നിയന്ത്രണ നിയമം സംസ്ഥാനമൊട്ടാകെ ബാധകമാക്കി നടപ്പിലാക്കിവരുന്നു. വായു മലിനീകരണ നിയന്ത്രണ മേഖലകളായി പ്രഖ്യാപിക്കുന്ന സ്ഥലങ്ങളിൽ മാത്രമാണ് വായു മലിനീകരണ നിയന്ത്രണ നിയമം നടപ്പിലാക്കാൻ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന് അധികാരമുള്ളത്. 1984 മുതൽ വായു മലിനീകരണ നിയന്ത്രണ നിയമം വായു മലിനീകരണ സാദ്ധ്യത കൂടുതലുള്ള സംസ്ഥാനത്തിന്റെ ഏഴ് പ്രദേശങ്ങളിൽ നടപ്പിലാക്കി തുടങ്ങി. തുടർന്ന് 1993 നവംബർ മുതൽ സംസ്ഥാനമൊട്ടാകെ വായു മലിനീകരണ നിയന്ത്രണ മേഖലകളായി സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച് വായു മലിനീകരണ നിയന്ത്രണ നിയമം സംസ്ഥാനമൊട്ടാകെ ബാധകമാക്കി നടപ്പിലാക്കി വരുന്നു. 1986 മേയ് മാസത്തിൽ കേന്ദ്ര സർക്കാർ വിജ്ഞാപനം ചെയ്ത പരിസ്ഥിതി സംരക്ഷണ നിയമത്തിന്റെ കീഴിൽ വരുന്ന ഹസാർഡസ് വേസ്റ്റ് മാനേജ്മെന്റ് ആന്റ് ഹാൻഡിലിംഗ് റൂൾസ് ദേശീയ തലത്തിൽ 1989-ൽ നിലവിൽ വന്ന ഉടൻ തന്നെ കേരളത്തിലും നടപ്പിലാക്കാനുള്ള നടപടി എടുത്ത് ഫലപ്രദമായി നടപ്പിലാക്കിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) പരിസ്ഥിതി സംരക്ഷണത്തിനായുള്ള ജല നിയമത്തിന്റേയും വായു നിയമത്തിന്റേയും പരിധിയിൽനിന്നും ഒരു വ്യവസായ സ്ഥാപനത്തിനേയും ഇപ്പോൾ ഒഴിവാക്കിയിട്ടില്ല. എല്ലാ വിഭാഗങ്ങളിലും പെടുന്ന വ്യവസായ ശാലകളെ അവയുടെ മലിനീകരണ സാദ്ധ്യത കണക്കിലെടുത്ത് ചുവപ്പ്, ഓറഞ്ച്, പച്ച എന്നിങ്ങനെ തരം തിരിച്ച് 21-10-2003-ൽ മുഴുവൻ വ്യവസായ ശാലകളേയും മലിനീകരണ നിയമത്തിന്റെ പരിധിയിൽ കൊണ്ടുവന്നിട്ടുണ്ട്.

(ഡി) നടപടി സ്വീകരിച്ചിട്ടുണ്ട്. ഉത്തരം (ബി) യിൽ നൽകിയിട്ടുള്ള നിയമങ്ങൾ പ്രാബല്യത്തിൽ വരുന്നതിനു മുൻപ് പ്രവർത്തനം തുടങ്ങിയ വ്യവസായ ശാലകളിലും സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് മുഖാന്തിരം മലിനീകരണ നിയന്ത്രണ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

(ഇ) വ്യവസായ ശാലകൾ പുതിയവ സ്ഥാപിക്കുന്നതിനും നിലവിലുള്ളവ ശേഷി വർദ്ധിപ്പിക്കുന്നതിനും ജല നിയമവും വായു നിയമവും അനുസരിച്ചുള്ള കൺസന്റ് ടു എസ്റ്റാബ്ലിഷ് (സ്ഥാപനാനുമതി) നിർബന്ധമാക്കി. വ്യവസായ ശാലകൾ സ്ഥാപിക്കുന്നതിന് അനുയോജ്യമായ സ്ഥലം തെരഞ്ഞെടുക്കാനും മലിനീകരണ സാധ്യത കുറഞ്ഞ സാങ്കേതിക വിദ്യ തെരഞ്ഞെടുക്കാനും ജല വായു മലിനീകരണ നിയന്ത്രണ സംവിധാനങ്ങൾ വ്യവസായ ശാലകൾ സ്ഥാപിക്കുമ്പോൾ തന്നെ ഏർപ്പെടുത്തിക്കാനും കഴിയുന്നു. പുതുതായി സ്ഥാപിക്കുന്ന വ്യവസായ ശാലകൾ പ്രവർത്തനം തുടങ്ങാനും നിലവിലുള്ളവ പ്രവർത്തനം നടത്തുന്നതിനും ജല നിയമവും വായു നിയമവും അനുസരിച്ചുള്ള 'കൺസന്റ് ടു ഓപ്പറേറ്റ്' (പ്രവർത്തനാനുമതി) എടുപ്പിക്കുകയും അവയെക്കൊണ്ട് ജല-വായു മലിനീകരണ നിയന്ത്രണത്തിനുള്ള മതിയായ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നുവെന്ന് ഉറപ്പാക്കുകയും ചെയ്യുന്നു. കൺസന്റിലെ വ്യവസ്ഥകൾ പാലിക്കുന്നുണ്ടോ എന്ന് ബോർഡുദ്യോഗസ്ഥർ പരിശോധിച്ച് ഉറപ്പാക്കുന്നു. ബോർഡിന്റെ നിബന്ധനകൾ പാലിക്കാത്ത വ്യവസായ ശാലകൾക്കെതിരെ നിയമപരമായ ശിക്ഷണ നടപടികൾ കൈക്കൊള്ളുന്നു. അപകടകാരികളായ പാഴ്വസ്തുക്കൾ കൈകാര്യം ചെയ്യുന്നതിനും ശുദ്ധീകരണ നിർമ്മാർജ്ജന സൗകര്യങ്ങളും ഏർപ്പെടുത്തുന്നുവെന്ന് ഉറപ്പാക്കാനായി 1989-ലെ ഹസാർഡ്സ് വേസ്റ്റ് മാനേജ്മെന്റ് ആന്റ് ഹാൻഡിലിംഗ് റൂൾസ് വ്യവസായ ശാലകൾ പാലിക്കുന്നുവെന്ന് ഉറപ്പാക്കുന്നു. ബോർഡിന്റെ ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾവഴി വ്യവസായ ശാലകളിൽനിന്നുള്ള ജല-വായു-ശബ്ദ മലിനീകരണം നിയന്ത്രിക്കാൻ ഫലപ്രദമായ നടപടികൾ കൈക്കൊണ്ടുവരുന്നു.

(എഫ്) സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാനും പ്രവർത്തനങ്ങൾ കൂടുതൽ മേഖലകളിലേക്ക് വ്യാപിപ്പിക്കാനും കഴിഞ്ഞു. വൻകിട ഹോട്ടലുകൾ, ഫ്ളാറ്റുകൾ, ഹൗസ്ബോട്ടുകൾ തുടങ്ങിയവയിൽനിന്നുള്ള മലിനീകരണ നിയന്ത്രണവും നഗര ഖര മാലിന്യ കാര്യത്തിൽ ഊന്നൽ നൽകിയുള്ള പല പ്രവർത്തനങ്ങളും നടത്താനും കഴിഞ്ഞു. പമ്പാ നദിയുടെ ശുദ്ധീകരണത്തിനായി ഒരു ആക്ഷൻ പ്ലാൻ തയ്യാറാക്കി കേന്ദ്ര സർക്കാരിന്റെ അനുമതി നേടാൻ കഴിഞ്ഞു. 18.50 കോടി രൂപയുടെ അനുമതി ഇതിനായി ലഭിച്ചത് ജല വിഭവ വകുപ്പിന്റെ മേൽനോട്ടത്തിൽ നടപ്പിലാക്കിവരുന്നു. ഇങ്ങനെ കൂടുതൽ മേഖലകളിലേക്ക് മലിനീകരണ നിയന്ത്രണ ബോർഡിന്റെ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കാനും കാര്യക്ഷമമാക്കാനും ഇക്കഴിഞ്ഞ മൂന്ന് വർഷക്കാലയളവിൽ കഴിഞ്ഞിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ജി) വ്യാവസായിക മലിനീകരണം കേരളത്തിലെ നദികളിൽ പെരിയാറിന്റെ താഴ് ഭാഗമൊഴികെ മറ്റ് നദികളെ സാരമായി ബാധിക്കുന്നില്ല എന്നാണ് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് നടത്തുന്ന പഠനങ്ങൾ വെളിവാക്കുന്നത്. പെരിയാറിന്റെ ഏലൂരിന് താഴെയുള്ള പ്രദേശം മാത്രമാണ് വ്യാവസായിക മാലിന്യങ്ങൾ കൊണ്ട് പ്രത്യേകിച്ച് വേനൽക്കാലത്ത് ജല മലിനീകരണം ഉള്ളതായി കണ്ടിട്ടുള്ളത്.

(എച്ച്) വ്യാവസായിക മലിനീകരണ നിയന്ത്രണത്തിനുള്ള ഫലപ്രദമായ നടപടികൾ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് കൈക്കൊണ്ടിട്ടുണ്ട്. ബോർഡിന്റെ നിർദ്ദേശങ്ങൾ നടപ്പിലാക്കാൻ കൂട്ടാക്കാത്ത വ്യവസായ ശാലകൾക്കെതിരെ വേണ്ട ശിക്ഷണ നടപടികൾ ടി ബോർഡ് കൈക്കൊണ്ടുവരുന്നു. വ്യവസായശാല അടച്ചു പൂട്ടാനുള്ള ഉത്തരവ്, വ്യവസായ ശാലകൾക്ക് നൽകുന്ന ജലം, വൈദ്യുതി ഇവ വിച്ഛേദിക്കാനുള്ള ഉത്തരവ് തുടങ്ങിയ ശിക്ഷണ നടപടികൾ കൈക്കൊണ്ടുവരുന്നു. നിയമം അനുശാസിക്കുന്ന നടപടികൾ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് കൈക്കൊള്ളുന്നതിനാൽ നിർദ്ദേശം കൊടുക്കേണ്ട സാഹചര്യം നിലവിലില്ല.

(ഐ) അപകടകാരികളായ വസ്തുക്കൾ കൈകാര്യം ചെയ്യുന്നതിനും വ്യവസായ ശാലകളിൽ ഉണ്ടാകുന്ന അപകടങ്ങൾമൂലമുള്ള ആരോഗ്യ പ്രശ്നങ്ങൾ പരിഹരിക്കാനാവശ്യമായ സാമ്പത്തിക സഹായത്തിനുമുള്ള നിബന്ധനകൾ പബ്ലിക് ലയബിലിറ്റി ഇൻഷ്വറൻസ് ആക്ടിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

ജിം മുഖേന ആരംഭിച്ച വ്യവസായങ്ങൾ

3 [2040] ശ്രീ. ജോണി നെല്ലൂർ :

,, ഷിബു ബേബിജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യ ക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജിം-ൽ കരാർ ഒപ്പിട്ടവരോ പങ്കെടുത്തവരോ ആയ എത്ര വ്യവസായികൾ കഴിഞ്ഞ കലണ്ടർ വർഷത്തിൽ (2004) സംസ്ഥാനത്ത് വ്യവസായങ്ങൾ ആരംഭിച്ചുവെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത വ്യവസായികൾ ആരെല്ലാം ; ആരംഭിച്ച വ്യവസായം, മുതൽമുടക്ക്, ഇതുമൂലം തൊഴിൽ ലഭിച്ചവരുടെ എണ്ണം മുതലായവ എത്രയെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

[(എ) യും (ബി) യും] ജിം മുഖേന അഞ്ച് സംരംഭങ്ങൾ 2004-ൽ ആരംഭിച്ചിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു. (†)

(†) അനുബന്ധം I കാണുക.

LIBRARY ARCHIVES Kerala Legislative Assembly